**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2016

## മൂന്ന് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും, മറ്റ് സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കും നീറ്റ് റാങ്കിനെ ആസ്പദമാക്കിയുള്ള അലോട്ട്മെന്റ് ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധമാണ്

**Karuna Medical College, Vilayodi, Palakkad, Kannur Medical College, Anjarakandy, KMCT Medical College, Mukkom, Kozikkode** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മുഴുവൻ എം.ബി.ബി.എസ് മാനേജ്മെന്റ്/ NRI ക്വാട്ടാ സീറ്റുകൾ, **Malabar Medical College Hospital & Research Centre, Modakkallur P O, Atholi (via), Kozhikkode, Believers Church Medical College Hospital, Kuttampuzha, Thiruvalla, Pathanamthitta** എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒഴിവുവന്ന മാനേജ്മെന്റ്/ NRI ക്വാട്ടാ എം.ബി.ബി.എസ് സീറ്റുകൾ, **Pariyaram Dental College, Pariyaram, Kannur, Amritha Institute of Medical Sciences, Kochi**, മറ്റ് **7** സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകൾ (അനുബന്ധം കാണുക) എന്നിവയിൽ ഒഴിവുവന്ന മാനേജ്മെന്റ് ക്വാട്ടാ ബി.ഡി.എസ് സീറ്റുകൾ എന്നിവയിലേയ്ക്കും നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ്) 2016 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ **07.10.2016 (വെള്ളിയാഴ്ച) രാവിലെ 9 മണിയ്ക്ക് തിരുവനന്തപുരം, ഗവ: മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** വച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താൽപര്യമുള്ളതും, നീറ്റ് 2016 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **05.10.2016** (ബുധനാഴ്ച) വൈകുന്നേരം **5** മണിക്ക് മുൻപായി ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **"Registration based on NEET Rank"** എന്ന ലിങ്കിലൂടെ വിദ്യാർത്ഥികൾ രജിസ്ട്രേഷൻ നടത്തേണ്ടതും അപേക്ഷാർത്ഥികൾ അവരുടെ വ്യക്തിഗത വിവരങ്ങളും, നീറ്റ് റാങ്ക് സംബന്ധിച്ച വിവരങ്ങളും ഓൺലൈനായി നൽകേണ്ടതുമാണ്. ഓൺലൈനായി രജിസ്റ്റർ ചെയ്യാത്തവരെ ഒരു കാരണവശാലും സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുന്നതല്ല.

**05.10.2016** വൈകുന്നേരം **5** മണി വരെ ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ അടിസ്ഥാനത്തിൽ സാധ്യതാ പട്ടിക **05.10.2016** ന് രാത്രി **8** മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പട്ടിക സംബന്ധിച്ച് എന്തെങ്കിലും അക്ഷേപമുള്ളവർ ആയത് **06.10.2016** വൈകുന്നേരം **5** മണിയ്ക്കുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ഇ–മെയിൽ/ഫാക്സ് മുഖേനയോ നേരിട്ടോ എത്തിക്കേണ്ടതാണ്. പരാതികൾ ഉള്ള പക്ഷം അവ പരിഹരിച്ച ശേഷം അന്തിമ പട്ടിക **06.10.2016** ന് വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. ഈ പട്ടികയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കോളേജുകളിലേയ്ക്കുള്ള പ്രവേശനം വഴി നടത്തുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിശ്ചിത ഫീസ്, പ്രവേശന യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസ്സൽ എന്നിവ സഹിതം രക്ഷകർത്താവുമൊന്നിച്ച് സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ നടപടികൾക്കായി ബന്ധപ്പെട്ട കോളേജ് അധികൃതർ സ്പോട്ട് അഡ്മിഷൻ നടക്കുന്ന സ്ഥലത്ത് സന്നിഹിതരായിരിക്കും.

ഫീസ് നിരക്ക്, ഓരോ കോളേജിലും വിവിധ കാറ്റഗറികൾക്ക് ലഭ്യമായ സീറ്റുകൾ സംബന്ധിച്ച വിവരം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്നവർ 2.5 ലക്ഷം രൂപയും ബി.ഡി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുന്നവർ 2.1 ലക്ഷം രൂപയും ടോക്കൺ ഫീസായി സ്പോട്ട് അഡ്മിഷൻ നടക്കുന്ന സ്ഥലത്ത് അപ്പോൾ തന്നെ ഒടുക്കേണ്ടതാണ്. ബാക്കി ഫീസ് തുകയും അനുബന്ധ ചാർജ്ജുകളും കോളേജിൽ ഒടുക്കേണ്ടതാണ്.**

**സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ**

(i) ഇപ്പോൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴി സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ/ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കണമെങ്കിൽ അവർ പ്രോസ്പെക്ടസ്/വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കിയ ശേഷം വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങി സ്പോട്ട് അഡ്മിഷന് ഹാജരാകാവുന്നതാണ്.

(ii) പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് വഴിയോ അല്ലാതെയോ സംസ്ഥാനത്തിനകത്ത് മറ്റേതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ലായെന്നു കാണിക്കുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (**No Objection Certificate**), യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ പകർപ്പുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

(iii) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികളും, സംസ്ഥാനത്തിന് പുറത്ത് ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളും വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ അസ്സൽ എന്നിവ സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്.

(iv) സ്പോട്ട് അലോട്ട്മെന്റിന് വിദ്യാർത്ഥികൾ നേരിട്ട് രക്ഷകർത്താവുമൊത്ത് ഹാജരാകേണ്ടതാണ്.

(v) വിവിധ സംവരണ വിഭാഗങ്ങളിൽപെടുന്ന വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്നതിന് താഴെപറയുന്ന രേഖകളുടെ അസ്സൽ സ്പോട്ട് അഡ്മിഷന് ഹാജരാക്കേണ്ടതാണ്.

| | | |
|---|---|---|
| സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗം (SEBC) | – | വില്ലേജ് ഒഫീസറിൽ നിന്നുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് |
| പട്ടികജാതി/പട്ടിക വർഗ്ഗം (SC/ST) | – | തഹസീൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് |
| മുസ്ലീം മൈനോരിറ്റി ക്വാട്ട | – | വില്ലേജ് ഒഫീസറിൽ നിന്നുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് / ജാതി സർട്ടിഫിക്കറ്റ് |

മറ്റ് കാറ്റഗറികളിൽപ്പെടുന്നവർ ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള KEAM 2016 കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ സംവരണാനുകൂല്യത്തിന് പുതുതായി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. എന്നാൽ അവർ KEAM 2016 ഡാറ്റാ ഷീറ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

(vi) **NRI** ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട അസ്സൽ രേഖകൾ ഹാജരാക്കേണ്ടതാണ്. (**Sponsorship Letter, Employment certificate of the Sponsor attested from the concerned Embassy, Relevant pages of the passport of the Sponsor, Copy of Visa of the Sponsor, Certificate from the Village officer/revenue authorities to prove relationship between the applicant & Sponsor**.)

**കുറിപ്പ്: ഈ അഡ്മിഷൻ നടപടികൾ ബഹു. സുപ്രീം കോടതിയിലും ബഹു. കേരള ഹൈക്കോടതിയിലും നിലവിലുള്ള വിവിധ കേസുകളിന്മേലുള്ള അന്തിമ തീർപ്പിനു വിധേയമായിരിക്കും.**

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
04.10.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**

# Annexure

**I. KMCT Medical College, Mukkom, Kozikkode**

| | Category | No. of Seats | *Fees (Rs.) |
|---|---|---|---|
| | **85% Management Quota** | | |
| a. | General Merit | 38 | Tuition Fee **10,00,000/-** **(Common Fee for 85% seats)** + Interest Free Deposit **10,00,000/-** |
| b. | Community Quota (Muslim) | 40 | |
| c. | Muslim girls from Malabar region | 10 | |
| d. | Ezhava | 10 | |
| e. | Other Backward Hindu | 3 | |
| f. | Latin Catholic | 3 | |
| g. | Dheevara | 2 | |
| h. | Viswakarma | 2 | |
| i. | Kusavan | 1 | |
| j. | Other Backward Christian | 2 | |
| k. | Kudumbi | 1 | |
| l. | Scheduled Castes | 12 | |
| m. | Scheduled Tribes | 3 | |
| | **15% NRI Quota** | 23 | Tuition Fee **18,00,000/-** + Interest Free Deposit **18,00,000/-** |
| | **Total** | **150** | |

**II. Kannur Medical College, Anjarakandy, Kannur**

| | Category | No. of Seats | *Fees (Rs.) |
|---|---|---|---|
| | **85% Management Quota** | | |
| a. | General Merit | 45 | Tuition Fee **10,00,000/-** **(Common Fee for 85% seats)** + Interest Free Deposit **10,00,000/-** |
| b. | General Merit Physically Challenged | 3 | |
| c. | Scheduled Castes | 2 | |
| d. | Scheduled Tribes | 3 | |
| e. | Minority Community Quota | 60 | |
| f. | SEBC | 7 | |
| g. | Physically Challenged Minority Community | 7 | |
| | **15% NRI Quota** | 23 | Tuition Fee **18,00,000/-** + Interest Free Deposit **10,00,000/-** |
| | **Total** | **150** | |

III. Karuna Medical College, Vilayodi, Palakkad

| | Category | No. of Seats | *Fees (Rs.) |
|---|---|---|---|
| | **85% Management Quota** | | |
| a. | General Merit | 52 | **7,45,000/- p.a (Common Fee for 85% seats)** |
| b. | SEBC | 13 | |
| c. | Scheduled Castes/Scheduled Tribes | 5 | |
| d. | Native Muslims of Palakad District | 15 | |
| | **15% NRI Quota** | 15 | **13,00,000/-p.a** |
| | **Total** | **100** | |

* **This Fee is tentative and is liable to be modified by the Hon'ble Supreme Court of India/Hon'ble High Court of Kerala/Fee Regulatory Committee and the students getting admission are bound to remit the fee fixed by the Hon'ble Courts/FRC.**

IV. Other Self Financing Medical and Dental Colleges

| Sl. No. | Name of Colleges | Vacant seats under Management/ NRI Quota | FEES (Rs.) |
|---|---|---|---|
| **MBBS** | | | |
| 1 | Believers Church Medical College Hospital, Kuttampuzha, Thiruvalla, Pathanamthitta | 6 (Management Seats) | Tuition Fee **11,00,000/-** + Interest Free Deposit **11,00,000/-** |
| 2 | Malabar Medical College Hospital & Research Centre, Modakkallur P O,Atholi (via), Kozhikkode | 8 (NRI Seats) | Tuition Fee **15,00,000/-** + Interest Free Deposit **15,00,000/-** |
| **BDS** | | | |
| 3 | Pariyaram Dental College, Pariyaram, Kannur | 3 | **4,00,000/-** |
| 4 | Kannur Dental College, Anjarakandy, Kannur | 20 | **2,10,000/-** |
| 5 | Century International Institute for Dental Sciences & Research Centre, Poinachi, Kasaragod | 18 | |
| 6 | Azeezia College of Dental Science & Research, Diamond Hills, Meeyyannoor, Kollam | 16 | |
| 7 | Royal Dental College, Mannaraparamba, Chalisery, Palakkad | 10 | Tuition Fee **5,00,000/-** + Interest Free Deposit **5,00,000/-** |
| 8 | Educare Institute of Dental Sciences, Chattiparamba, Malappuram | 10 | Tuition Fee **5,00,000/-** + Interest Free Deposit **5,00,000/-** |
| 9 | PSM College of Dental Sciences, Thrissur | 10 | |
| 10 | MES Dental College, Perinthalmanna, Malappuram | 21 | |
| 11 | Amritha Institute of Medical Sciences, Kochi | 21 | **5,00,000/-** |